*05/01/2012*

## ജനസമ്പർക്കത്തിന്റെ അനുഭവത്തിൽ നിന്ന് സർക്കാർ നടപടിക്രമങ്ങളിൽ മാറ്റം വരുത്തും : മുഖ്യമന്ത്രി

മുഴുവൻ ജില്ലകളിലെയും ജനസമ്പർക്ക പരിപാടി കഴിഞ്ഞാൽ സർക്കാർ നടപടിക്രമങ്ങൾ സംബന്ധിച്ച് പഠനവിധേയമാക്കുമെന്നും നടപടിക്രമങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുമെന്നും മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. കണ്ണൂർ പോലീസ് പരേഡ് ഗ്രൗണ്ടിൽ ജനസമ്പർക്ക പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. അപേക്ഷയുമായി വരുന്നവർക്ക് മുമ്പിൽ വ്യവസ്ഥകളും നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടിവരുന്നു എന്നതാണ് ഉദ്യോഗസ്ഥർക്ക് മുമ്പിൽ ഉള്ള തടസ്സം. ഇതിന് മാറ്റം വരുത്തും. ജനങ്ങളുടെ പരാതികൾ അനുകൂലമായ രീതിയിൽ പരിഗണിക്കും. ചടങ്ങിൽ എ.പി. അബ്ദുള്ളക്കുട്ടി, എം.എൽ.എ. അധ്യക്ഷത വഹിച്ചു.

ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികളുടെ വികാരം ഉൾക്കൊണ്ട് സഹായം നൽകുകയാണ് ലക്ഷ്യം. അവസാനത്തെ പരാതിക്കാരനേയും കണ്ടിട്ടേ വേദിവിട്ട് പോകുകയുള്ളുവെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകി. കോട്ടയത്തും ആലപ്പുഴയിലും അടക്കം മറ്റു ജില്ലകളിൽ ഇത് പാലിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ജനസമ്പർക്ക പരിപാടി ഇതോടെ അവസാനിക്കുന്നില്ല. തുടർ നടപടിയുണ്ടാകും. ഓരോ പരാതിയിലേയും തീരുമാനങ്ങൾ പുനഃപരിശോധിക്കുമെന്നും മുഖ്യമന്ത്രി ഉറപ്പുനൽകി.

മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേന്ദ്ര ഗവൺമെന്റിനെ സമീപിക്കുന്നതിന് ഡൽഹിയിൽ പോകേണ്ടിവന്നതിനാലാണ് കണ്ണൂരിലെ പരിപാടി ഡിസംബർ 3 ന് നടത്താൻ കഴിയാതിരുന്നതെന്നും അദ്ദേഹം പറഞ്ഞു. പുതിയ ഡാമിന് വേണ്ടിയുള്ള ചർച്ചയിലേക്ക് വഴിമാറ്റിയതാണ് മുല്ലപ്പെരിയാർ സമരത്തിന്റെ നേട്ടം. കേരളത്തിന് സുരക്ഷ, തമിഴ്നാടിന് വെള്ളം എന്നത് രാജ്യം മുഴുവൻ അംഗീകരിക്കപ്പെട്ട മുദ്രാവാക്യമാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. പുതിയ ഡാം നിർമ്മിക്കുമ്പോൾ തമിഴ് നാടിന് നൽകിവരുന്ന വെള്ളത്തിന്റെ അളവിൽ ഒരുതുള്ളിപോലും കുറക്കാൻ കേരളം ഉദ്ദേശിക്കുന്നില്ല. പുതിയ ഡാമിന്റേയും ജലവിതരണത്തിന്റേയും മാനേജിങ്ങ് കേരളം, തമിഴ്നാട്, കേന്ദ്രസർക്കാർ എന്നിവ ഉൾപ്പെട്ട സംവിധാനത്തിലാക്കുന്നതിന് കേരളസർക്കാർ അനുകൂലമാണെന്നും അദ്ദേഹം പറഞ്ഞു. ശിരുവാണി, പറമ്പിക്കുളം മോഡലാണ് കേരളം നിർദ്ദേശിച്ചിട്ടുള്ളത്. സർക്കാർ നിലപാടുകൾ വികാരപരമല്ല മറിച്ച് വിവേകപൂർണ്ണമായിരുന്നുവെന്നും മറ്റുള്ളവരെക്കുറിച്ചുള്ള കരുതൽ കേരളത്തിന്റെ ആത്മാർത്ഥതയുടെ നേർച്ചിത്രമാണെന്ന് ലോകത്തിന് കാട്ടിക്കൊടുക്കാൻ കഴിഞ്ഞുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് നടക്കുന്ന പതിമൂന്നാമത് ജനസമ്പർക്ക പരിപാടിക്കാണ് കണ്ണൂർ സാക്ഷ്യംവഹിച്ചത്. ജനസമ്പർക്ക പരിപാടി ഒരു രാഷ്ട്രീയ പാർട്ടിയുടെയോ മറ്റോ പരിപാടിയല്ലെന്നും എല്ലാവിഭാഗം ജനനേതാക്കളും ഉദ്യോഗസ്ഥരും ആത്മാർത്ഥതയോടെ പ്രവർത്തനരംഗത്തുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. ജനങ്ങളുടെ ആവശ്യങ്ങളോട് അനുകൂലമായി പ്രതികരിച്ചു എന്നതാണ് കാര്യം. എല്ലാ പരാതികളും പരിഹരിക്കാനാവില്ല. എന്നാൽ ഒരു പരാതിയും പരിഗണിക്കാതെ പോകരുതെന്നും ആരേയും അവഗണിക്കരുതെന്നും ഉള്ളത് പരിപാടിയുടെ ലക്ഷ്യമാണെന്നും ഉമ്മൻ ചാണ്ടി പറഞ്ഞു.

ജനസമ്പർക്ക പരിപാടിയോടനുബന്ധിച്ച് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് തയ്യാറാക്കിയ ജനസമക്ഷം എന്ന പ്രത്യേക പതിപ്പ് കൃഷിവകുപ്പ് മന്ത്രി കെ.പി. മോഹനന് നൽകി മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

ഗ്രാമ വികസന പബ്ലിക് റിലേഷൻസ് വകുപ്പ് മന്ത്രി കെ.സി. ജോസഫ്, കൃഷിവകുപ്പ് മന്ത്രി കെ.പി. മോഹനൻ എന്നിവർ ധനസഹായ വിതരണം നടത്തി. കെ. സുധാകരൻ, എം.പി., എം.എൽ.എ.മാരായ അഡ്വ. സണ്ണി ജോസഫ്, കെ.എം. ഷാജി, കെ.കെ.നാരായണൻ, സി. കൃഷ്ണൻ, ടി.വി. രാജേഷ്, ജെയിംസ് മാത്യു, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്

പ്രൊഫ. കെ.എ. സരള, നഗരസഭാ ചെയർപേഴ്സൺ എം.സി. ശ്രീജ എന്നിവർ ആശംസാ പ്രസംഗം നടത്തി. വിവിധ തദ്ദേശ ഭരണ സ്ഥാപനപ്രതിനിധികളും വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളും സംബന്ധിച്ചു. ജില്ലാ കലക്ടർ ആനന്ദ് സിംഗ് സ്വാഗതവും എ.ഡി.എം. എൻ.ടി. മാത്യു നന്ദിയും പറഞ്ഞു.

## ജീവൻ രക്ഷാ ദൗത്യവുമായി ഏയ്ഞ്ചൽസ് തയ്യാർ - 102 ആംബുലൻസ് നെറ്റ്വർക്ക് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

ജില്ലയിൽ ജീവൻ രക്ഷാ ദൗത്യവുമായി ഏയ്ഞ്ചൽസ്-102 ആംബുലൻസ് സർവ്വീസ് ജനസമ്പർക്ക പരിപാടിയുടെ വേദിയായ പോലീസ് പരേഡ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ആക്ടീവ് നെറ്റ്വർക്ക് ഗ്രൂപ്പ് ഓഫ് എമർജൻസി ലൈഫ് സേവേഴ്സ് (ഏയ്ഞ്ചൽസ്) കണ്ണൂർ കേന്ദ്രമാക്കിയുള്ള ആംബുലൻസ് സേവനമാണ് ഇന്നുമുതൽ പ്രവർത്തനമാരംഭിച്ചത്.

ജില്ലാ കലക്ടർ ആനന്ദ് സിംഗ് മുഖ്യരക്ഷാധികാരി, ജില്ലാ പോലീസ് സൂപ്രണ്ട് അനൂപ് കുരുവിള ജോൺ പ്രസിഡണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർ വൈസ് പ്രസിഡണ്ടും ആയുള്ള ടീമിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ പരിയാരം മെഡിക്കൽ കോളേജിലെ ഡോ. സുൾഫിക്കർ അലിയാണ്. ഡോ. ശ്രീകുമാർ വാസുദേവൻ, ഡോ. മനോജ് നാരായണൻ, അഡ്വ. കെ.വി. മനോജ് കുമാർ, ഷാഹിൻ, നാരായണൻ, രഞ്ജിത്ത് തുടങ്ങിയവരും ഏയ്ഞ്ചൽസ് ടീമിലുണ്ട്.

അടിയന്തിര ഘട്ടത്തിൽ വൈദ്യസഹായം ലഭ്യമാക്കാൻ ആംബുലൻസുകൾ സഹായത്തിനെത്താൻ ഏത് നെറ്റ്വർക്കിൻ കീഴിൽ നിന്നും 102 നമ്പറിൽ വിളിച്ചാൽ ആംബുലൻസ് സഹായം ലഭ്യമാക്കും. പ്രഥമ ശുശ്രൂഷ പെട്ടെന്ന് ലഭ്യമാക്കുക, ആംബുലൻസുകളെ ജീവൻരക്ഷാ വാഹനങ്ങളായി സജ്ജീകരിക്കുക, അതിവേഗ തീവ്രപരിചരണ സംവിധാനത്തെ ആധുനികവൽക്കരിക്കുക, അടിയന്തിര പ്രഥമ ശുശ്രൂഷ നൽകാൻ സന്നദ്ധപ്രവർത്തകരെ പരിശീലിപ്പിക്കുക തുടങ്ങിയവയാണ് ഏയ്ഞ്ചൽസ് ദൗത്യം.

മറ്റു ജില്ലകളിൽ ഏയ്ഞ്ചൽസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. റോഡപകടങ്ങളിൽ സാരമായി പരിക്കേൽക്കുകയും പിന്നീട് ജീവിതത്തിലേക്ക് തിരിച്ചുവരികയും ചെയ്തവരാണ് ഇതിന്റെ കൺട്രോൾറൂമിൽ 24 മണിക്കൂറും സേവനനിരതരായി പ്രവർത്തിക്കുന്നത്..

## ജനസമക്ഷം മുഖ്യമന്ത്രി

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ജനസമക്ഷം പ്രത്യേക പതിപ്പ് ജനസമ്പർക്ക പരിപാടി വേദിയിൽവെച്ച് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രകാശനം ചെയ്തു. കൃഷിവകുപ്പുമന്ത്രി കെ.പി. മോഹനൻ പതിപ്പിന്റെ ആദ്യ പതിപ്പ് കോപ്പി ഏറ്റുവാങ്ങി. ജനസമ്പർക്ക പരിപാടിയോടനുബന്ധിച്ചുള്ള നിർദ്ദേശങ്ങൾ, സൗകര്യങ്ങൾ, ഫോട്ടോകൾ, വാർത്തകൾ തുടങ്ങിയ വിശദവിവരം ഉൾക്കൊള്ളിച്ചുകൊണ്ട് കണ്ണൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസാണ് പ്രത്യേക പതിപ്പ് പുറത്തിറക്കിയിട്ടുള്ളത്.

### പരാതി പ്രവാഹം തുടരുന്നു

ജനസമ്പർക്ക പരിപാടിയോടനുബന്ധിച്ച് പൊതുജനങ്ങളുടെ പരാതി പ്രവാഹം തുടരുന്നു. ഇന്ന് രാവിലെ ഏഴുമണിമുതൽ 11.30 വരെയായി 8,000 പരാതികളാണ് പുതുതായി ലഭിച്ചത്. പഴയ പരാതികളിൽ 8,010 എണ്ണത്തിൽ പരാതിക്കാർ ടോക്കൺ വാങ്ങാനെത്തി. പരാതിക്കാരുടെ നീണ്ടനിര രാവിലെ മുതൽ ദൃശ്യമായിരുന്നു. വാഹനത്തിലെത്തുന്ന വികലാംഗരെ മുഖ്യമന്ത്രി അവരുടെ സമീപത്തെത്തി നേരിട്ട് പരാതി സ്വീകരിച്ച് പരിഹാരങ്ങൾക്ക് നിർദ്ദേശം നൽകി. മുഖ്യമന്ത്രിയോടൊപ്പം മന്ത്രിമാരായ കെ.സി. ജോസഫ് കെ.പി. മോഹനൻ, എം.പി.മാരായ കെ.സുധാകരൻ, എം.കെ. രാഘവൻ, എ.പി. അബ്ദുള്ളക്കുട്ടി, എം.എൽ.എ. എന്നിവരും ഉണ്ടായിരുന്നു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായവിതരണം മന്ത്രിമാരായ കെ.സി. ജോസഫ്, കെ.പി. മോഹനൻ എന്നിവർ നിർവ്വഹിച്ചു.

## മുഖ്യമന്ത്രിയെക്കാണാൻ വൻ ജനപ്രവാഹം

ജനസമ്പർക്ക പരിപാടിക്ക് കണ്ണൂരിലെത്തിയ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ കാണാൻ കണ്ണൂർ പോലീസ് പരേഡ് ഗ്രൗണ്ടിലെ വേദിയിലേക്ക് വൻ ജനപ്രവാഹം. അതിരാവിലെ മുതൽ തന്നെ സ്ത്രീകളും കുട്ടികളും മറ്റും അടങ്ങുന്ന ജനാവലി ഗ്രൗണ്ടിൽ എത്തിച്ചേർന്നു തുടങ്ങിയിരുന്നു.

രാവിലെ 9.30 ന് ഉദ്ഘാടന പരിപാടി ആരംഭിച്ച ശേഷം മുഖ്യമന്ത്രി ആംബുലൻസിലും മറ്റു വാഹനങ്ങളിലുമായി എത്തിയ രോഗികളെയും വികലാംഗരെയും അങ്ങോട്ടുചെന്നു കണ്ടു. ഇത്തരം വാഹനങ്ങളുടെ വൻ നിരതന്നെ ഉണ്ടായിരുന്നു. മന്ത്രിമാരായ കെ.സി. ജോസഫ്, കെ.പി. മോഹനൻ, എം.പി.മാരായ കെ. സുധാകരൻ, എം.കെ. രാഘവൻ, എം.എൽ.എ.മാരായ എ.പി. അബ്ദുള്ളക്കുട്ടി, അഡ്വ. സണ്ണി ജോസഫ് തുടങ്ങിയവരും മുഖ്യമന്ത്രിക്കൊപ്പമുണ്ടായിരുന്നു.

രാവിലെ 11.30 ആയപ്പോഴേക്കും 8,075 പുതിയ പരാതികൾ കൗണ്ടറുകളിൽ ലഭിക്കുകയുണ്ടായി. 24,213 പഴയ പരാതികളിൽ 8,016 പേർ ഈ സമയത്ത് ടോക്കൺ വാങ്ങിയിരുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായവുമായി ബന്ധപ്പെട്ട അപേക്ഷകളാണ് ആദ്യം പരിഗണിക്കപ്പെട്ടത്.